ഇഹ്സാൻ ●

# ചെലവു ചുരുക്കേണ്ടത് എങ്ങനെ?

**സന്ധ്യ** നേരത്ത് ദൽഹിയിലെ ഏതു ക്ഷേത്രത്തിന്റെ മുമ്പിൽ ചെന്നാലും ഏറ്റവും ചുരുങ്ങിയത് ഒരു ഡസൻ കാറുകളെങ്കിലുമുണ്ടാവും, മറച്ചുപിടിച്ച സർക്കാർ അടയാളങ്ങളുമായി. ഉദ്യോഗസ്ഥരുടെ ഭാര്യമാർ തൊഴാൻ വന്നതായിരിക്കും. ഗവൺമെന്റ് വാഹനമാണെന്ന തിരിച്ചറിയൽ ബോർഡ് പൊതിഞ്ഞുവെക്കാനായി ഉദ്യോഗസ്ഥന്മാർ ഒരു തുണിസഞ്ചി തയ്പിക്കുന്നുണ്ടെന്നാണ് തോന്നുക. നാലു മണി സമയത്ത് സ്കൂളുകൾക്കു മുമ്പിൽ ഗവൺമെന്റ് വാഹനങ്ങളുടെ ഇതിനേക്കാൾ വലിയ ബഹളമായിരിക്കും. ഏമാന്മാരുടെ കുട്ടികളുടെ കൈയും പിടിച്ച്, അവരുടെ പുസ്തകക്കെട്ടും തലയിലേറ്റി പടിയിറങ്ങിവരുന്ന സർക്കാർ ഡ്രൈവർമാരുടെ കാഴ്ചപ്പൂരം! മാർക്കറ്റിൽ, കല്യാണ മണ്ഡപങ്ങളിൽ, ഹോട്ടലുകളിൽ എന്നു തുടങ്ങി ഗവൺമെന്റിന്റെ ഫയലുകൾ ചലിക്കാനിടയില്ലാത്ത എത്രയോ മേഖലകളിലാണ് ഊണും ഉറക്കവുമൊഴിഞ്ഞ് ഈ പാവങ്ങൾ പണിയെടുക്കുന്നത്. അവർ പണിയെടുക്കുന്നതിലല്ല കുഴപ്പം. കൊച്ചമ്മമാരുടെ ലീലാവിലാസങ്ങൾക്ക് കത്തിത്തീരുന്ന ഈ എണ്ണ പൊതുഖജനാവിന്റേതാണ്. തലസ്ഥാന നഗരിയിൽ ഒരു നിയന്ത്രണവുമില്ലാതെയാണ് സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. എന്നല്ല സാധാരണക്കാരന്റെ വാഹനം റോഡിലെ മഞ്ഞവര മുറിച്ചുകടക്കുന്നുണ്ടോ എന്ന് ഭൂതക്കണ്ണാടി വെച്ചു നോക്കുന്ന പോലീസുകാരന്റെ മുമ്പിലൂടെയായിരിക്കും ഇത്തരക്കാർ റെഡ് ലൈറ്റ് പോലും മറികടന്നു പായുന്നത്.

നിലവിൽ ലിറ്ററിന് 55 രൂപയോളമെത്തിയ അവസ്ഥയിലും ഈ വക ആഭാസങ്ങളല്ല ചെലവുചുരുക്കലിന്റെ ഭാഗമായി അവസാനിക്കാൻ പോകുന്നത്. പ്രധാനമന്ത്രി വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ ഒപ്പമുള്ളതും അല്ലാത്തതുമായ വാഹനങ്ങളുടെ സുരക്ഷാ പരേഡിൽ 250 വേണ്ടിടത്ത് അവയുടെ എണ്ണം 225 ആവുമായിരിക്കാം. സാൻഫ്രാൻസിസ്കോയിലെ നൃത്ത ഉത്സവത്തിൽ പങ്കെടുക്കാൻ അംബികാ സോണി പോകാതിരുന്നതു കൊണ്ടും സ്റ്റാൻഫോർഡ് യൂനിവേഴ്സിറ്റി സെമിനാറിൽനിന്ന് ചിദംബരം വിട്ടുനിന്നതു കൊണ്ടും കാര്യമെന്ത്? മുടിവെട്ടാൻ മായാവതി പോകുന്നത് ലണ്ടനിലേക്കാണ്. കണ്ണിൽ കണ്ട സകല മലയാളി സമാജങ്ങളുടെ യോഗങ്ങളിലും വയലാർ രവി പങ്കെടുക്കുന്നത് സർക്കാർ ചെലവിലാണ്. ‘പഠനാവശ്യാർഥം’ മന്ത്രിമാർക്കും സെക്രട്ടറിമാർക്കും ഏതു സമയത്തും വിദേശയാത്ര നടത്താവുന്നതേയുള്ളൂ. പ്രത്യേകിച്ചും ദൽഹിയിൽ ചൂടു കൂടുന്ന ജൂൺ, ജൂലൈ മാസങ്ങളിൽ. സ്വിറ്റ്സർലന്റിലും അതുപോലുള്ള തുണുപ്പു രാജ്യങ്ങളിലും എത്രയെത്ര വിഷയങ്ങളിലാണ് ഇക്കാലത്ത് പഠനാവസരങ്ങൾ! വിമാനത്തിന്റെ എക്കണോമി ക്ലാസിൽ ടിക്കറ്റെടുക്കുന്നതു പോകട്ടെ, ബിസിനസ് ക്ലാസിൽ പോലുമല്ല ഈ മന്ത്രിപുംഗവന്മാർ ഇരിപ്പിടം തരപ്പെടുത്തുക. ലഭ്യമാണെങ്കിൽ ഫസ്റ്റ്ക്ലാസ്സിൽ മാത്രം. അതായത് നാല് എക്കണോമി ക്ലാസ് ടിക്കറ്റിന്റെ തുക ചെലവിട്ട് ഒരു മന്ത്രി പഠിച്ചിറങ്ങുമ്പോഴേക്കും കോടികളാണ് പൊടിഞ്ഞിട്ടുണ്ടാവുക. ചെല്ലുന്ന നാട്ടിലെ ഏറ്റവും മുന്തിയ ഹോട്ടലിലേ ഇങ്ങോർ താമസിക്കൂ. പഠനപരമായ കാര്യങ്ങൾക്കിടയിൽ അൽപം മനോരഞ്ജ്ജനപരമായ കാര്യങ്ങളും ഷോപ്പിംഗുമൊക്കെ സാധാരണം. അതിനൊക്കെ ബില്ലു കൊടുക്കാനാണല്ലോ വിവിധ രാജ്യങ്ങളിൽ കേന്ദ്രസർക്കാറിന് എംബസികളുള്ളത്. ഇവരുടെ പ്രതിദിന ചെലവ് ശരാശരി 1000 ഡോളർ വരുന്നുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. അതായത് ഒരു ദിവസത്തെ ബത്ത മാത്രം 42,000 രൂപ. ബജറ്റിനു പുറമെ കണ്ടെത്തേണ്ടി വന്ന ഇത്തരം ചെലവുകൾ കഴിഞ്ഞ വർഷം 46,200 ലക്ഷം രൂപ ആയിരുന്നുവെന്നാണ് കണക്കുകൾ പറയുന്നത്.

ചെലവു ചുരുക്കലിനെ കുറിച്ച് വലിയ വായിൽ ആദർശം പറയുന്ന പ്രധാനമന്ത്രി ആദ്യം ചുരുക്കേണ്ടത് തന്റെ മന്ത്രിമാരുടെ എണ്ണമാണ്. ലോകത്തെ ഏറ്റവും വലിയ സൂപ്പർ പവർ ആണെന്ന് മൻമോഹൻ അഭിമാനപൂർവം ചൂണ്ടിക്കാട്ടുന്ന അമേരിക്ക വെറും 15 മന്ത്രിമാരെ കൊണ്ടാണ് നാടു ഭരിക്കുന്നത്. അതല്ലെങ്കിൽ ലോകം തന്നെ ഭരിക്കുന്നത്. അതേസമയം നമ്മുടെ പ്രധാനമന്ത്രി കാര്യാലയത്തിന്റെ വെബ്സൈറ്റ് നോക്കിയാലറിയാം, ഇതിൽ എന്തൊക്കെ തരം വകുപ്പുകളുണ്ടെന്ന്. ഭക്ഷണത്തിനും ഭക്ഷ്യധാന്യ വിതരണത്തിനും ഒരാൾ ക്യാബിനറ്റ് റാങ്കിൽ ഇരിക്കവെയാണ് ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കു മാത്രമായി മറ്റൊരു മന്ത്രി! ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പരിധിയിൽ സമുദ്രശാസ്ത്രം പെടുമെങ്കിലും ഭൂമിശാസ്ത്ര വകുപ്പ് അങ്ങനെ പോര. അതിന് മന്ത്രി വേറെ വേണം. സമുദ്രത്തെ കുറിച്ചും വൻകരയെ കുറിച്ചുമൊക്കെ അത്യസാധാരണമായ അറിവുള്ളവർ നമ്മുടെ രാഷ്ട്രീയക്കാരിൽ ഉള്ളതുകൊണ്ടാവണം പ്രധാനമന്ത്രി അവരുടെ അറിവുകൾ ഉപയോഗപ്പെടുത്തുന്നത്! പണ്ടത്തെ പോലെ ഉദ്യോഗസ്ഥന്മാർ മാത്രം വിചാരിച്ചാൽ കാര്യങ്ങൾ ശരിയാംവണ്ണം നടക്കില്ല. പുതിയതും പുതുക്കി ഉപയോഗിക്കാവുന്നതുമായ ഊർജങ്ങളുടെ മന്ത്രിയും വൈദ്യുതി മന്ത്രിയും ഒരാളായാൽ പോര. അമേരിക്ക ആണവോർജം തരുന്നുണ്ടെന്ന് കേട്ടപ്പോഴേ മൻമോഹൻ സിംഗ് മന്ത്രിയെ വാഴിച്ചുകഴിഞ്ഞു. ഒരു ഭാഗത്ത് പ്ലാനിംഗ് കമീഷൻ ഉണ്ടായിരിക്കവെയാണ് ‘മിനിസ്ട്രി ഓഫ് സ്റ്റാറ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ’ എന്ന ആംഗലേയ നാമത്തിൽ അതേ പണി ചെയ്യാനായി മറ്റൊരു മന്ത്രി കസേരയിട്ട് ഇരിക്കുന്നത്. രാഷ്ട്രീയത്തെ ഒന്നാന്തരം സർവകക്ഷി വ്യവസായമാക്കി പൊതുഖജനാവിനെ മുടിക്കുന്ന ഈ ഏർപ്പാടുകൾ ഒന്നു നിയന്ത്രിച്ചാൽ തന്നെ എത്ര കോടി രൂപ ഓരോ വർഷവും ലാഭിക്കാം?

ഈ മന്ത്രിമാരുടെ യാത്ര, സുരക്ഷാ ചെലവുകൾക്കു മാത്രമായി കഴിഞ്ഞ വർഷം സർക്കാർ ചെലവിട്ടത് 1890 ദശലക്ഷം ഇന്ത്യൻ രൂപയാണെന്നോർക്കുക. 2008-ന്റെ ആദ്യപകുതിയിൽ മാത്രം മൊത്തം വകുപ്പുകളുടെ പ്രവർത്തന ചെലവ് 312690 കോടി രൂപയായിരുന്നു. മുൻ വർഷത്തേക്കാൾ 64890 കോടി രൂപ അധികം. പ്രവർത്തന ചെലവ് കൂടിയത് രാജ്യത്ത് എന്തെങ്കിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാവുന്നതുകൊണ്ടാണെങ്കിൽ സഹിക്കാമായിരുന്നു. വിലക്കയറ്റവും നാണയപ്പെരുപ്പവും ഒരു കണക്കുമില്ലാതെയാണ് വർധിക്കുന്നത്. പെട്രോൾ വില വർധിച്ചതിലൂടെ ഇന്ത്യയിലെ കമ്പനികൾക്ക് ഉണ്ടായ നഷ്ടവുമായി ഭരണം നടത്തിയ വകയിലുണ്ടായ ഈ നഷ്ടത്തെ ചേർത്തു വായിക്കുക. മുഖ്യമന്ത്രിയായിരിക്കവെ ആന്റണി ചെലവു ചുരുക്കിയ മാതൃകയിൽ പ്രധാനമന്ത്രി തുടങ്ങിയാൽ ചിരിക്കുകയല്ലാതെ മറ്റെന്തു ചെയ്യാൻ? ആന്റണിയുടെ പത്രസമ്മേളനങ്ങളിൽ അക്കാലത്ത് ചായ മാത്രമേ കൊടുത്തിരുന്നുള്ളൂ, കടി ഉണ്ടായിരുന്നില്ല. മറ്റു മന്ത്രിമാർ സൽക്കാരവും ആഘോഷങ്ങളും ടെലിഫോൺ വിളിയുമായി കോടികൾ പൊടിക്കുമ്പോഴായിരുന്നു വാർത്താ മാധ്യമങ്ങളുടെ മുമ്പിൽ ഈ അഭ്യാസം. ഉദ്യോഗസ്ഥരെയും വകുപ്പുകളെയും നിലക്കു നിർത്താനറിയാത്ത പ്രധാനമന്ത്രി ചെയ്യുന്നതും അതുതന്നെ. വില കുറഞ്ഞ പ്രചാരണ തന്ത്രം. ■